www.malankaralibrary.com

സെപ്തംബർ
2023
ലക്കം 9

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



www.malankaralibrary.com



# എഡിറ്റോറിയൽ

**"നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളും ആണ്."** (1 കോറിന്തോസ് 12:27)

സമാധാനത്തിന്റെ ആത്മാവിൽ നിറഞ്ഞ് ഐക്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുവാനാണ് കർത്താവ് നമ്മെ തിരഞ്ഞെടുത്തിരിക്കുന്നത്. സത്യസ്നേഹവിശ്വാസം എന്ന വലിയൊരായുധം കൈയിലേന്തി പുനരൈക്യം എന്ന പുണ്യപാത പിന്തുടർന്നിട്ട് ഇത് മലങ്കര സഭയ്ക്ക് 93 വർഷം. അനുഗ്രഹത്തിന്റെ കലവറ തുറന്നു തന്ന ആ കാഷായ വസ്ത്രധാരി തിരഞ്ഞെടുത്ത് നമുക്ക് പകർന്നു നൽകിയത് ദൈവനിയോഗം തന്നെയായിരുന്നു. ഉന്നത പദവികൾ ഉപേക്ഷിച്ച് ദൈവവിളിയും ദൗത്യവും തിരിച്ചറിഞ്ഞ് സഭയുടെ ഐക്യത്തിനു വേണ്ടി പോരാടിയ ബഥനിയുടെ കാവൽക്കാരനായിരുന്നു മാർ ഈവാനിയോസ് പിതാവ്. ത്യാഗസമ്പൂർണ്ണമായ ജീവിതത്തിലുടനീളം പകർന്നുനൽകിയ ദൈവസമ്പാദനം എന്ന വലിയൊരു കർത്തവ്യം ഓരോ ക്രൈസ്തവന്റെയും ദൗത്യമാണ്. മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നത്തിലൂടെ ഈ വിശ്വാസ സഭയിൽ ത്യാഗത്തിന് അടിസ്ഥാനം കുറിച്ചപ്പോൾ ദൈവത്താൽ മലങ്കര സഭയ്ക്ക് വന്നുചേർന്നത് പുനരൈക്യം എന്ന വലിയ അനുഗ്രഹം തന്നെയായിരുന്നു. ഇതാ ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ എന്റെ ആത്മാവ് പ്രസാദിച്ച എന്റെ പ്രിയപ്പെട്ടവൻ ഞാൻ അവന്റെ മേൽ എന്റെ ആത്മാവിനെ അയയ്ക്കും(മത്തായി 12:18) അനൈക്യത്തിന്റെ ആലാത്തുകളെ പൊട്ടിച്ചെറിഞ്ഞ് ഐക്യത്തിന്റെ ഒരുമയിലേക്ക് നമ്മെ ഓരോരുത്തരെയും നയിച്ച മാർ ഈവാനിയോസ് പിതാവ് ഇന്നും സ്വർഗ്ഗത്തിലിരുന്ന് കൊണ്ട് നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.. മലങ്കരയുടെ മക്കളായ നമ്മെ ഓരോരുത്തരെയും സംബന്ധിച്ച് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും ദിവസങ്ങളാണ് സെപ്റ്റംബർ മാസം.

നമ്മുടെ പുണ്യ പിതാവ് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട ഈ സഭ ഇന്ന് ലോകത്തിന് തന്നെയും അഭിമാനമാണ്. സുവിശേഷത്തിന്റെ വലിയ സന്തോഷം ഈ ലോകത്തിന്റെ എല്ലാ കോണുകളിലും പകർന്നു നൽകുവാൻ ഈ സഭയ്ക്ക് ഇന്ന് സാധിക്കുന്നുണ്ട്. യുവജന ശുശ്രൂഷ മേഖലകളിൽ ഇന്ന് കേരളത്തിൽ മാത്രമല്ല,ഇന്ത്യയ്ക്ക് പുറത്തും ലോകത്തിന്റെ എല്ലാ കോണുകളിലും മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് ശക്തമായ പ്രവർത്തിക്കുന്നു. ക്രിസ്തുവിനെ അറിയാത്ത അനേകം പേർക്ക് ക്രിസ്തുവിനെ പകർന്നു നൽകുക എന്ന പുനരൈക്യ ലക്ഷ്യത്തിന് കൂടുതൽ ശക്തി പകരുവാൻ യുവജന സഭയും മുൻപിൽ ഉണ്ട്. ചരിത്രത്തിൽ ഇടം നേടുന്ന പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷത്തിലേക്ക് നാം നടന്നു നീങ്ങുകയാണല്ലോ. ആ മഹാ സംഭവത്തിന് സാക്ഷികളാകുവാൻ നമുക്ക് ആത്മീയമായും ഒരുങ്ങാം.ക്രിസ്തുവിന്റെ വലിയ സ്നേഹം പകർന്നു നൽകാം, കരുതലും താങ്ങും വേണ്ടവരെ നമുക്ക് ചേർത്ത് നിർത്താം.

ശാശ്വത സമാധാനത്തിന്റെ കേദാരമായ പുണ്യപുനരൈക്യമേ സമാധാനത്താൽ വരേണമേ..

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ



www.malankaralibrary.com



# Presidential Desk

**ഐ**ക്യത്തിന്റെ പ്രവാചകരായി ലോകത്തിന് സുവിശേഷം പകരേണ്ടവരാണ് ഓരോ യുവജനങ്ങളും. ശിഷ്യന്മാരുടെ ജീവിതത്തിൽ അവരുടെ പ്രായാധിക്യത്തിൽ പോലും യുവത്വത്തിന്റെ ആർജവത്തോടെ ക്രിസ്തുവിനോടൊപ്പം യാത്ര ചെയ്തവരാണ് അവർ. കാലഘട്ടത്തിന് അനുരൂപരായിക്കൊണ്ട് സഭയെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വത്തെ, തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ഉജ്ജ്വലിപ്പിക്കാനുള്ള കടമ നമുക്കുണ്ട്. സഭ പുനരൈക്യത്തിന്റെ പിന്നിട്ട വഴികളിലൂടെ യാത്ര ചെയ്യുകയായിരുന്നു. ഇന്ന് മനുഷ്യർ മനുഷ്യരോട് പോലും ഐക്യപ്പെടാൻ വിമുഖത കാണിക്കുമ്പോൾ, സഭയുടെ ഐക്യം നമ്മളിലൂടെ നഷ്ടമായി പോകുന്നുണ്ടോ എന്ന് ചിന്തിക്കണം. മലങ്കര സുറിയാനി കത്തോലിക്ക സഭ യുവത്വത്തിൽ  വളർന്നുകൊണ്ടിരിക്കുന്ന ഒരു സഭയാണ്, അതിനാൽ തന്നെ ഇന്നത്തെ കാലഘട്ടത്തിന്റെ യുവജനങ്ങൾ ആണ് സഭയുടെ ഐക്യത്തിനും വളർച്ചയ്ക്കും നിതാനമായി മാറേണ്ടത്. ഫ്രാൻസിസ് അസീസിയുടെ പ്രാർത്ഥനയിൽ ഇപ്രകാരം നാം വായിക്കുന്നു' കർത്താവേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണം ആക്കണമേ' ഇന്നത്തെ കാലഘട്ടത്തിൽ തിരക്കിട്ട ജീവിത സാഹചര്യങ്ങൾ കൊണ്ട് യുവജനങ്ങൾക്ക് നഷ്ടപ്പെട്ടു പോകുന്ന ഒന്നാണ് സമാധാനം. സമാധാനം എവിടെയാണോ നിലനിൽക്കുന്നത് അവിടെ ഐക്യത്തിന്റെ ചിന്തകൾ നിലനിൽക്കുകയുള്ളൂ. കാലത്തിനൊത്ത് ഓടിയലയുന്ന ഇന്നത്തെ യുവത്വം തങ്ങളുടെ യാത്രയ്ക്കിടയിൽ എപ്പോഴെങ്കിലും സഭയുടെ ഐക്യവും കെട്ടുറപ്പും നമ്മുടെ കൈകളിൽ സുരക്ഷിതമാണ് എന്ന് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്.

യുവജനങ്ങളെ ഉണരൂ തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം എന്ന് പരസ്പരം കൈകോർത്തുപിടിച്ച് ആശംസിക്കുമ്പോൾ തിടുക്കത്തിന്റെ തീഷ്ണത ഐക്യത്തിന്റെ തീഷ്ണതയായി മാറുവാനും അത് അനേകർക്ക് പ്രചോദനം നൽകാനും ഇടയാകട്ടെ എന്ന് ആഗഹിക്കാം.. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി കണ്ട സഭയുടെ ഐക്യവും തീക്ഷ്ണതയും വീണ്ടും ഐക്യപ്പെടുവാനുള്ള ചിന്തകളും  നമ്മുടെ കൈകളിലൂടെ സം ലഭ്യമാകട്ടെ എന്ന് ആശംസിക്കുന്നു

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്


www.malankaralibrary.com

# വീണ്ടും പുനരൈക്യത്തിനായി.......



**ജിജോ ഇമ്മാനുവേൽ B G**
ജനറൽ സെക്രട്ടറി
പാറശ്ശാല ഭദ്രാസനം


യേശു വിഭാവനം ചെയ്ത ഐക്യത്തിന്റെ പൂർണ്ണത കൈവരിക്കുന്നതിന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ, ഊടും പാവും നൽകിയ മലങ്കരയിലെ പുനരൈക്യം പുത്തൻ ആശയങ്ങളും പുത്തൻ വിചിന്തനങ്ങളുമായി 9 പതിറ്റാണ്ടുകൾ പിന്നിടുന്നു.

ഒരു വ്യക്തിഗത സഭയായി സാർവത്രിക സഭയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ പരിലസിക്കുമ്പോൾ യുവജനങ്ങളായ നമുക്ക് അഭിമാനിക്കാം.

സാർവത്രിക സഭയിലെ അന്ത്യോക്യൻ ആരാധനാക്രമം പിന്തുടരുന്ന മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസികളായ നമ്മുടെ വിശ്വാസ ജീവിതം ലോകം മുഴുവൻ പ്രകാശിക്കണം, കാരണം "പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കാണ്" പുനരൈക്യം, ബഥനിയുടെ നെറുകയിൽ തെളിഞ്ഞ തിരിനാളം ഇന്ന് നാം ആയിരിക്കുന്ന സഭാ സമൂഹമായി വളർന്നപ്പോൾ, അതിലെ യുവജനങ്ങളായ നമ്മൾ എത്രത്തോളം വിശ്വാസത്തിൽ അടിയുറച്ചവരാണ് എന്ന് ഇത്തരുണത്തിൽ ആത്മശോധന ചെയ്യണം.

സഭയുടെ ചരിത്രത്താളുകൾ പരിശോധിക്കുമ്പോൾ നാം കാണുന്നത് നമ്മുടെ പൂർവികരുടെ അചഞ്ചലമായ വിശ്വാസവും സഭാ സ്നേഹവുമാണ്.

www.malankaralibrary.com



2023 വർഷത്തെ പുനരൈക്യ വാർഷിക ആഘോഷത്തിനു സാക്ഷികളാകുമ്പോൾ നമ്മുടെ ഇടവകകളിലെ യുവജനങ്ങൾ ആ വിശ്വാസ തീക്ഷ്ണതയെ എത്രത്തോളം മുറുകെപ്പിടിക്കുന്നു എന്ന് ചിന്തിക്കണം. ജീവൻ കൊടുത്തു പോലും ക്രിസ്തുവിന്റെ സാക്ഷികളായ വിശുദ്ധരുടെ മാതൃക നമുക്കുള്ളപ്പോൾ നിസ്സാരമായ കാരണങ്ങളാൽ ആ വിശ്വാസത്തെ ഉപേക്ഷിക്കുന്ന അനേകം യുവജന സുഹൃത്തുക്കൾ നമുക്ക് ചുറ്റുമുണ്ട് എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്.

പുനരൈക്യം എന്നത് സഭകളുമായി മാത്രം കൂട്ടിച്ചേർത്തു വായിക്കേണ്ട ഒന്നല്ല, മറിച്ച് അത് വിശ്വാസത്തിൽ നിന്ന് ഭിന്നിച്ചു നിൽക്കുന്ന നമ്മുടെ സുഹൃത്തുക്കളെ ക്രിസ്തുവിലേയ്ക്ക് അടുപ്പിക്കേണ്ട ഐക്യത്തിന്റെ സന്ദേശം കൂടിയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങളായ നാം ഐക്യത്തിന്റെ സന്ദേശവാഹകരാവാൻ കടപ്പെട്ടവരാണ്. ഈ കാലഘട്ടത്തിൽ ഭിന്നിപ്പുകളെ കൂട്ടിച്ചേർക്കാൻ ദൈവം നമ്മെ പ്രത്യേകം വിളിച്ചിരിക്കുന്നു.

യുവജനങ്ങളായ നമ്മൾ നമ്മുടെ പ്രവർത്തന മേഖലകളിലെ ഐക്യത്തിന്റെ വക്താക്കൾ ആയിരിക്കണം, എല്ലാവരെയും ഒന്നിച്ചുനിർത്തുന്ന പ്രവർത്തന ശൈലി നാം അവലംബിക്കണം അങ്ങനെ ക്രിസ്തു നൽകുന്ന ഐക്യത്തിന്റെ സന്ദേശം വിശ്വാസത്തിന്റെ പരിമളമായി പരത്താൻ നമുക്ക് സാധിക്കും.

നമ്മുടെ സഭ ഇന്ന് ഭാരതത്തിന്റെ പല ഭാഗങ്ങളിലും പ്രേഷിതയായി നിലകൊള്ളുമ്പോഴും, ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിശ്വാസം പ്രഘോഷിക്കുമ്പോഴും, യുവജനങ്ങളായ നമ്മൾ ഇനിയും ക്രിസ്തുവിലേയ്ക്ക് കൂടുതൽ അടുക്കണം. കണ്ടുമുട്ടുന്ന ഓരോ വ്യക്തിക്കും ക്രിസ്തുവിനെ പകർന്നു കൊടുക്കുമ്പോഴാണ് യഥാർത്ഥ പുനരൈക്യം ഫലമണിയുന്നത്. ഒരു ചെറുപുഞ്ചിരി കൊണ്ടു പോലും സുവിശേഷപ്രഘോഷണം സാധ്യമാകും എന്നത് മലങ്കര സഭയിലെ യുവജനങ്ങളായ നാം മനസ്സിലാക്കണം.

*എം.സി.വൈ. എമ്മിന്റെ / പ്രഖ്യാപിത ഭരണഘടനയ്ക്ക് വിധേയമായി /മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക ദൗത്യമായ/ പുനരൈക്യ ശ്രമങ്ങളുടെ ഫലപ്രാപ്തിക്കും / പ്രസ്ഥാനത്തിന്റെ ലക്ഷ്യ പ്രാപ്തിക്കും വേണ്ടി/ നിരന്തരം പ്രയത്നിച്ചുകൊള്ളാമെന്ന് / ദൈവനാമത്തിൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.........*

*(എം.സി.വൈ.എം. പ്രതിജ്ഞ)*

ആവേശത്തോടെ ഓരോ തവണയും ഏറ്റുപറയുന്ന ഈ വാക്കുകൾ ഒരു സഭയായി നാം പിന്നിട്ട അവസ്ഥയെയും ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയെയും ഇനി വരാനിരിക്കുന്ന അവസ്ഥയെയുമാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത് യുവജന സഭയിലെ അംഗങ്ങളായ നമ്മുടെ കൈകളിലേക്ക് പകർന്നു കിട്ടിയ വിശ്വാസത്തിൻറെ തിരിനാളം ഒട്ടും മങ്ങാതെ നമുക്ക് ശേഷം വരുന്നവരുടെ കൈകളിൽ നാം കൈമാറണം.

ആധുനികലോകത്തിൽ യുവജനങ്ങളുടെ പുനരൈക്ക്യവും അത്യന്താപേക്ഷിതമാണ്,മാറുന്ന ലോകത്തിൽ മാറ്റങ്ങൾ ഏറെ സംഭവിക്കുന്നത് യുവജനങ്ങളിലാണ്. ചിലപ്പോഴെങ്കിലും നാം ക്രിസ്തുവിനെ ഉപേക്ഷിക്കുകയോ അകന്നു പോവുകയോ ചെയ്യാറുണ്ട്, അതിനാൽ മലങ്കരയുടെ യുവത്വം ക്രിസ്തുവിൽ പുനരൈക്യപ്പെടണം. ദൈവിക ചിന്തകൾക്ക് വിള്ളൽ ഏൽക്കുന്ന ദുഷ്കർമ്മങ്ങൾ കുന്നുകൂടുമ്പോൾ 33 വയസ്സുകാരൻ തെളിച്ചുതന്ന പാതയിൽ അണിനിരന്ന് പ്രേഷിതരായി നാം മാറണം.

സുവിശേഷത്തിന്റെ വാഹകരായി, ഐക്യത്തിന്റെ വക്താക്കളായി ക്രിസ്തുവിലേക്കുള്ള യാത്രയിൽ തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാൻ എല്ലാ യുവജനങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.



www.malankaralibrary.com



**മോനിക്ക ജോസഫ്**
ബത്തേരി ഭദ്രാസനം

**2023** മെയ് മൂന്ന് മുതൽ മണിപ്പൂർ സംസ്ഥാനത്ത് അരങ്ങേറിയ അക്രമ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ മണിപ്പൂരിന്റെ ചരിത്രവും ആനുകാലിക രാഷ്ട്രീയവും സാമൂഹിക സാമുദായിക പശ്ചാത്തലങ്ങളും ഇപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്ന അക്രമ സംഭവങ്ങളുടെ യാഥാർഥ്യങ്ങളും വിശകലനംചെയ്യപ്പെടുമ്പോൾ ഭാരതത്തിലെ ക്രൈസ്തവർക്ക് നൽകുന്ന സൂചന എന്തെന്ന് വിശകലനം ചെയ്യപ്പെടുന്നു.

മുമ്പ് ഒരിക്കലും ഉണ്ടാകാത്ത രീതിയിലുള്ള അതിക്രമങ്ങളും അസ്വസ്ഥതകളുമാണ് കഴിഞ്ഞ മെയ് മൂന്നാം തീയതി മുതൽ മണിപ്പൂർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. ലഭ്യമായ വിവരങ്ങൾ പ്രകാരം 1700 ൽ പരം വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർക്കപ്പെടുകയും 220 ക്രൈസ്തവ ദൈവാലയങ്ങൾ അഗ്നിക്കിരയാക്കപ്പെടുകയും 45000 ലേറെ പേർ അഭയാർത്ഥി ക്യാമ്പുകളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് രണ്ടു ഗോത്രങ്ങൾ തമ്മിലുള്ള പോരാട്ടമാണ് എന്ന് സ്ഥാപിക്കും വിധത്തിലാണ് റിപ്പോർട്ടുകളും വിവരണങ്ങളും ഏറെയും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, സൂക്ഷ്മമായ നിരീക്ഷണത്തിൽ മണിപ്പൂരിന്റെ ഇതുവരെയുള്ള ചരിത്രത്തിൽനിന്ന് വ്യത്യസ്തമായ ചില ഘടകങ്ങളും സ്വാധീനങ്ങളും ഏറ്റവും പുതിയ സംഭവ വികാസങ്ങളിൽ തിരിച്ചറിയാൻ കഴിയും. മണിപ്പൂരിലെ ചെറുതും വലുതുമായ വിവിധ വംശങ്ങളുടെ ചരിത്രവും രീതികളും മനസിലാക്കിയാൽ മാത്രമേ ഇപ്പോൾ സംഭവിക്കുന്നതെന്തെന്ന് വ്യക്തമാകൂ. വിവിധ സമൂഹങ്ങൾക്കിടയിൽ കൂടിയും കുറഞ്ഞും എല്ലാ മതസ്ഥരും ഉള്ളതായി കാണാം. മതങ്ങൾക്ക് അതീതമായി തങ്ങളുടെ വംശത്തിന് അവർ പ്രാമുഖ്യം നൽകുന്നു. മെയ്തെയി വിഭാഗത്തിൽ ഹൈന്ദവരാണ് ഏറിയ പങ്കുമെങ്കിൽ കുക്കി, നാഗ തുടങ്ങിയ ഗോത്ര വിഭാഗങ്ങളിൽ ക്രൈസ്തവരാണ് കൂടുതൽ. കണക്കുകൾ പ്രകാരം മലമ്പ്രദേശങ്ങളിൽ അധിവസിക്കുന്ന ഗോത്രവർഗ്ഗക്കാരിൽ 92 ശതമാനവും ക്രൈസ്തവരാണ്. തങ്ങളുടെ പ്രാചീന മതവിശ്വാസങ്ങൾ കൈവിട്ട് കൂട്ടത്തോടെ അവർ ക്രൈസ്തവ വിശ്വാസത്തിലേക്ക് ചേക്കേറി തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം

www.malankaralibrary.com

മുതലാണ്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ക്രൈസ്തവരുടെ എണ്ണം കുത്തനെ ഉയർന്നു. വിവിധ നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബ്രിട്ടീഷ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ മികച്ച സ്കൂളുകൾക്ക് ആരംഭം കുറിച്ചതാണ് ക്രൈസ്തവ മിഷനറിമാരുടെ കടന്നുവരവിന് അവിടെ വഴിയൊരുക്കിയത്. കത്തോലിക്കാ മിഷനറിമാർക്ക് പുറമെ ഒട്ടേറെ ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് മിഷനറിമാരും ആ സംസ്ഥാനങ്ങളിലെ മലമ്പ്രദേശങ്ങളിലേയ്ക്ക് എത്തുകയും അവർ വഴി ക്രൈസ്തവ വിശ്വാസത്തിലേയ്ക്ക് ആകൃഷ്ടരായ ഗോത്രവർഗക്കാർ കൂട്ടത്തോടെ തങ്ങളുടെ പ്രാചീന മതവിശ്വാസങ്ങളെ കൈവിടുകയും ചെയ്തു. മണിപ്പൂരിന്റെ മലമ്പ്രദേശങ്ങളിൽ പഴയ മതവിശ്വാസങ്ങളിൽ തുടരുന്നത് നിലവിൽ ഒരുശതമാനത്തിൽ താഴെ ആളുകൾ മാത്രമാണ്.

'ഇപ്പോഴും ഭയം തോന്നുന്നു അക്രമം ഇപ്പോഴും എന്നെ ഭയപ്പെടുത്തുന്നു.........' എന്ന വാക്കുകൾ, വിവിധ മാധ്യമങ്ങളിലൂടെ നമുക്ക് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭീകരമായ അക്രമ സംഭവങ്ങളുടെ നേർചിത്രം വിവരിക്കുന്ന വിവിധ സന്യാസ സമൂഹത്തിലെ സിസ്റ്റേഴ്സിനെയും നാം കണ്ടു. മനുഷ്യാവകാശങ്ങളുടെ ലംഘനങ്ങൾ നേർക്കാഴ്ചയായ ഈ 90 ദിവസങ്ങൾ. നമ്മുടെ ഭരണകൂടം നൽകുന്ന മൗന......, നമ്മെ വിശ്വാസത്തിന്റെ പേരിൽ ഭയപ്പെടുത്തുന്നവതന്നെയാണ്. സ്വാതന്ത്ര്യത്തിന് 70 പതിറ്റാണ്ടിനു ശേഷവും നമ്മുടെ ജീവിതത്തിൽ നാം വിശ്വാസത്തിന്റെ പേരിൽ വേട്ടയാടപ്പെടുകയാണ് എന്ന് നമുക്ക് സൂചന നൽകുന്നതാണ് മണിപ്പൂർ കലാപം.......

ഭരണകൂടത്തിന് സഹായത്തോടെ നടത്തപ്പെടുന്ന മതവർഗീയതയുടെ നേർചിത്രങ്ങൾ മണിപ്പൂർ നമുക്ക് കാണിച്ചു തരുമ്പോൾ ക്രൈസ്തവ ജീവിതത്തിലെ മൂല്യങ്ങളെ മുറുകെ പിടിച്ചു കൊണ്ട് നാം മുന്നോട്ട് പോകുന്നു.

ദൈവമാതാവിന്റെ ജനനതിരുന്നാളിനോടനുബന്ധിച്ചുള്ള ദിവസങ്ങളിലൂടെ കടന്നു പോകുമ്പോൾ ഇപ്പോഴും ഭയം തോന്നുന്നു, അക്രമം ഇപ്പോഴും എന്നെ ഭയപ്പെടുത്തുന്നു എന്ന വാക്കുകൾ എത്രത്തോളം നമ്മെ ആകുലപ്പെടുത്തുന്നുണ്ട്.

കേവലമായ ഒരു സമാന അഭ്യർത്ഥന പോലും നടത്താതെ ദുരൂഹമായി ഒളിച്ചു കളിക്കുന്ന ഒരു ഭരണകൂടം നമ്മെ........... ഇന്ത്യയെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറ്റും എന്ന് ഉറപ്പു നൽകുന്ന പ്രധാന മന്ത്രിയുടെ ഒരു ചോദ്യം ഈ നാട്ടിലെ (ക്രൈസ്തവ വിശ്വാസികളുടെ)...........

മണിപ്പൂരിൽ ക്രിസ്ത്യാനികൾ ആക്രമിക്കപ്പെടുകയാണ്. അവരെ സർക്കാർ സംരക്ഷിക്കണം. അല്ലാതെ അവരോട് വിവേചനം കാണിക്കുകയല്ല വേണ്ടത്.

ന്യൂനപക്ഷത്തെ ആക്രമിക്കുന്ന ഒരു പ്രബല സമൂഹമല്ലെന്നും പകരം മണിപ്പൂരികളും അനധികൃത കുടിയേറ്റക്കാരും തമ്മിലുള്ള സംഘട്ടനമാണെന്നും സംസ്ഥാനത്ത് ക്രിസ്ത്യാനികൾക്കെതിരെ ആസൂത്രിതമായി അക്രമം നടത്തുകയാണെന്ന വാദത്തെ ലോകത്തിന് മുന്നിൽ വയ്ക്കാൻ മെയ്തി ക്രിസ്ത്യൻ നേതാക്കളുടെ പരാമർശം. തൊഴിൽ സംവരണത്തിന്റെ ആനുകൂല്യമുള്ളതിനാൽ സർക്കാർ സർവീസുകൾ ഗോത്ര വിഭാഗങ്ങൾ കൈയടക്കുന്നുവെന്ന് മെയ്തെയ് ആരോപിക്കുന്നു. മണിപ്പൂരിലെ ഐ.എ.എസ്., ഐ.പി.എസ്. ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരിൽ 80 ശതമാനവും കുക്കികളാണെന്ന് മെയ്തെയ് സംഘടനകൾ പറയുന്നു. താഴെത്തട്ടിലുള്ള ജീവനക്കാരിൽ ഭൂരിപക്ഷം മെയ്തെയ്കളും. മൂന്നാമത്തെ കാരണം വംശീയമാണ്. മതപരിവർത്തനം മൂലം മണിപ്പൂരിന്റെ പുരാതന സംസ്ക്കാരം നശിപ്പിക്കപ്പെടുന്നുവെന്ന വാദവും മെയ്തേയ്ക്കൾക്കിടയിൽ ശക്തമാണ്. പരമ്പരാഗത വിശ്വാസരീതികൾ സംരക്ഷിക്കാൻ മെയ്തെയ്കൾക്കിടയിൽ തീവ്രസംഘടനകൾ പ്രവർത്തനം ആരംഭിച്ചു. മുഖ്യമന്ത്രി ബിരേൻ സിങ് മെയ്തെയ് തീവ്രനിലാപാടുകൾക്ക് പിന്തുണനൽകുന്നുവെന്ന് കുക്കികൾ ആരോപിക്കുന്നു.

ലഹരിച്ചെടികളുടെ കൃഷി, ആയുധക്കടത്ത്, മ്യാൻമാറിൽ നിന്നുള്ള പാലയനം. പൗരത്വ രജിസ്റ്റർ നടപ്പാക്കുമെന്ന ആശങ്ക എന്നിവയും സംഘർഷസാഹചര്യത്ത് ആക്കം കൂട്ടി. സർക്കാരുമായി നേരത്തെ സമാധാന കരാർ ഒപ്പിട്ട കുക്കി സായുധ ഗ്രൂപ്പുകൾ സംഘർഷം തുടങ്ങിയതോടെ വീണ്ടും ആയുധം കൈയിലെടുത്തു. ഗോത്ര മേഖലകളെ ഉൾപ്പെടുത്തി പുതിയ സംസ്ഥാനമുണ്ടാക്കുക, അല്ലെങ്കിൽ വിശാല മിസോറം സംസ്ഥാനത്തിന്റെ ഭാഗമാകുക- ഗോത്രവിഭാഗങ്ങൾ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശമിതാണ്.

കലാപം തുടങ്ങിവച്ചത് ആര്? ഉത്തരവാദിത്വം ആർക്ക്? മെയ്തെയ്കളും കുക്കികളും തമ്മിൽ വാദം പ്രതിവാദം തുടരുകയാണ്. ഇതിനിടയിൽ സമാധാനം എപ്പോൾ പലരുമെന്ന വലിയ ചോദ്യത്തിന് ഉത്തരമില്ലാതെ ഒരു ജനത നീറിക്കഴിയുകയാണ്. മണിപ്പൂരിൽ കത്തിപ്പടരുന്ന കലാപത്തീ ഉടൻ അണയ്ക്കണം. ഇരുവിഭാഗങ്ങൾക്കും ഇടയിലെ അവിശ്വാസവും മുറിവും മായ്ക്കുക ശ്രമകരമാണ്. എന്നാൽ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും സമാധാനത്തിനും ജനാധിപത്യത്തിനും അനിവാര്യവും.

— — — — — — —

www.malankaralibrary.com




# പുനരൈക്യപ്പെടേണ്ട യുവത്വം



**ആൻ മറിയം റെജി**
സെക്രട്ടറി
പുനലൂർ വൈദിക ജില്ല

'യുവജനസഭ' (Youth Ecclesia) ക്രൈസ്തവ സഭയുടെ ഭാഗമെന്ന നിലയിലുള്ള സർവ്വ പ്രധാനമായ ഉത്തരവാദിത്വം നവ - സുവിശേഷ വൽകരണമാണ്; വ്യക്തമായി പറഞ്ഞാൽ രക്ഷകനായ യേശു തമ്പുരാനെ ഏവർക്കും ജീവിതത്തിലൂടെ കാണിച്ചു കൊടുക്കുക എന്നതാകണം യുവത്വത്തിന്റെ മുദ്രാവാക്യം.

ഇതിൽ നിന്നുള്ള പിൻവാങ്ങൽ, മന്തതയാണ് പൊതുവിൽ ലോകമാകമാനവും പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങൾക്കിടയിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. പരസ്പരം ചൂണ്ടിയുള്ള കേവലം പഴിചാരലുകൾക്കുമപ്പുറം ക്രിയാത്മകമായ പരിഹാരമാർഗങ്ങൾ കണ്ടത്തേണ്ടതാണ്.


അതിലേക്ക് കടക്കും മുൻപ് ഇന്നത്തെ യുവതലമുറ അഭിമുഖികരിക്കുന്ന വെല്ലുവിളികൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

* ഒന്നാമതായി, കഴിഞ്ഞ നൂറ്റാണ്ടുകളിൽ ആരംഭിക്കുകയും ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ ശക്തിപ്രാപിക്കുകയും ചെയ്ത കപട മതേതരത്വം യുവ തലമുറയെ വിഴുങ്ങുകയാണ്. എന്നാൽ മറ്റുള്ളവർ എന്ത് പറയുമെന്നോ, മറ്റുള്ളവർക്ക് മുന്നിൽ താൻ അപഹാസ്യ / അപഹാസ്യൻ ആകുമെന്ന മിഥ്യാധാരണയിൽ ഇന്നിന്റെ യുവത്വം ഉഴറുകയാണ്.

* രണ്ടാമതായി, സാമൂഹ്യ-വാർത്താ മാധ്യമങ്ങളിലൂടെ പരിചയിച്ച സംഘടനകളെ വച്ച് തിരുസഭാ ഗാത്രത്തെ മനസിലാക്കാൻ ശ്രമിക്കുമ്പോൾ, യേശുവുമായുള്ള വ്യക്തി ബന്ധം, പരിശുദ്ധ മാതാവിനോടുള്ള ഭക്തി, സഭാചരിത്രം, സഭയിലെ സ്ഥാനക്രമവും നിത്യജീവിതത്തിൽ വിശുദ്ധ കുർബാനയുടെ പങ്ക് തുടങ്ങിയവ കേവലം ചോദ്യ ചിഹ്നങ്ങൾ മാത്രമായി അവസാനിക്കുന്നു.

* മൂന്നാമതായി, കൗമാര /യൗവ്വന കാലയളവിലുണ്ടാകുന്ന ഹോർമോൺ വ്യതിയാനങ്ങൾ, അത് സൃഷ്ടിക്കുന്ന വികാര വിക്ഷോഭങ്ങൾ, എടുത്തുചാട്ടങ്ങൾ എന്നിവയെ ആത്മീയമായോ, മനഃശാസ്ത്രപരമായോ സമിപ്പിക്കാൻ യുവജനങ്ങൾ അശക്തരാണെന്ന് മാത്രമല്ല പലപ്പോഴും ഇവരുടെ കൂടെ ആയിരിക്കുന്നവരോ നയിക്കുന്നവരോ, മാതൃക ആകേണ്ടവരോ, പാരാജിതരാകുമ്പോൾ തിരുസഭയെ തന്നെ തള്ളികളയുകയും പൊക്കിൾകൊടി ബന്ധം അറുത്തു മാറ്റുകയും ചെയ്യുന്നതാണ് ഇന്നത്തെ സാധാരണ രീതി.

www.malankaralibrary.com



ഇതിനോട് ചേർന്ന് ഈ അടുത്ത കാലത്തിലുണ്ടായ കോവിഡാനന്തര മടുപ്പ് ഏറ്റവും ആഴത്തിൽ ബാധിക്കപ്പെട്ടത് ആത്മീയ മേഖലയിലാണ്. അതിന്റെ കാരണങ്ങളിലൊന്ന് മറ്റൊരു മാർഗ്ഗവും ഇല്ലാതെ കോവിഡ് സമയത്ത് നമ്മൾ സ്വീകരിച്ച അടച്ചിട്ട ദൈവാലയങ്ങളും ഓൺലൈൻ ശുശ്രൂഷകളുമാണ്. എന്നിരുന്നാലും അവിടെ നിന്ന് തുടങ്ങിയ ആത്മീയമന്ദത അല്ലെങ്കിൽ അത്യാവശ്യ ജീവിത ഘടകങ്ങളിൽ നിന്നും ദൈവാലയത്തെയും കൂദാശ പങ്കാളിത്തത്തെയും വെട്ടിമാറ്റിയത് എല്ലാ പ്രായക്കാരേയും ഒരേ പോലെ ബാധിക്കപ്പെട്ടെതാണെങ്കിൽ, കുടുംബത്തിന്റെ, സമൂഹത്തിന്റെ, രാജ്യത്തിന്റെ, ലോകത്തിന്റെ തന്നെയും ഇന്നിന്റെയും നാളെയുടെയും പ്രതീക്ഷകളായ യുവത്വത്തെ ബാധിച്ചത് സമീപകാല - ദൂരവ്യാപക പ്രത്യാഘാതങ്ങളിലേക്കാണ് നയിക്കുന്നത്. വി. കുർബാനയിൽ പങ്കെടുക്കാത്തത് മുതൽ കുടുംബജീവിതങ്ങളിലെ തകർച്ചകൾവരെ ഇതിന്റെ പരിണിത ഫലങ്ങളാണ്.

ആഗോള കത്തോലിക്കാ സഭയുടെ സജീവ ശ്രദ്ധയിലുണ്ടെങ്കിലും നാം യുവജനങ്ങൾ ഇനിയും തിരിച്ചറിയാത്ത ഒരു വലിയ വെല്ലുവിളി നമ്മളെ ചൂഴ്ന്ന് നിൽക്കുന്നുണ്ട്. ദൈവവിളിയോട് കാണിക്കുന്ന വൈമനസ്യമാണത്. ആരംഭത്തിൽ രക്തവും ജീവനും നൽകി സഭയെ കെട്ടിപ്പടുത്ത പിതാക്കന്മാരെ പിൻപറ്റി ലോകമാസകലം, പ്രത്യേകിച്ച് യൂറോപ്പിൽ അനേകം യുവജനങ്ങൾ ദൈവവിളികളിലേക്ക് കടന്നുവരികയുണ്ടായി. എന്നാൽ അവിടങ്ങളിലെ ഇന്നത്തെ അവസ്ഥ നാമേവർക്കും അറിയാവുന്നതാണല്ലോ. ഇതിൽ നിന്നും ഭേദമാണെങ്കിലും ആശ്വസിക്കത്തക്ക വിധം ദൈവവിളികൾ നമ്മുടെ സഭയിൽ നിന്ന് ഉണ്ടാകുന്നില്ല എന്നത് വിഷമിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് ഞാനടങ്ങുന്ന യുവതികളിൽ നിന്ന് കർത്താവിന്റെ മണവാട്ടിയാകുന്നവരുടെ എണ്ണം വളരെയധികം കുറവാണ്. ഒരു വൈദികനെയോ കന്യാസ്ത്രീയേയോ ഞങ്ങൾക്ക് ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളിലൂടെ സഭയ്ക്കും സമൂഹത്തിനും നൽകണേ എന്നുള്ള പ്രാർത്ഥന നമ്മുടെ കുടുംബങ്ങളിൽ നിന്ന് എന്നോ കൈമോശം വന്നുപോയി. ഇവിടെ തുടങ്ങിയ തകർച്ച, കുടുംബപ്രാർത്ഥങ്ങളിൽ പങ്കെടുക്കാത്ത കൗമാര - യൗവനങ്ങളിലൂടെ കടന്ന്, ദൈവവിളിയുടെ പ്രസരിപ്പേറുന്ന മാതൃകാ വ്യക്തിത്വങ്ങളെ അനുഭവിച്ചറിയാതെ കേവലം ജഡിക ജീവിതങ്ങളിൽ എരിഞ്ഞടങ്ങുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ യുവജനങ്ങളിൽ നിന്ന് ദൈവവിളി കുറയുന്നു എന്ന് പറയുമ്പോഴും ഉത്തരവാദികൾ ആരെന്നുള്ള ചോദ്യം നാമേവരുടേയും നേർക്ക് വിരൽ ചൂണ്ടുകയാണ്.

ഈ പ്രശനങ്ങളെല്ലാം നമ്മുടെ മുന്നിൽ സജീവമായി നിൽക്കുമ്പോഴും നൂറ്റാണ്ടുകൾക്ക് മുൻപു തന്നെ ആരംഭിക്കുകയും ഇന്നും പ്രത്യേകിച്ച് യുവജനങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്നതുമായ സാത്താൻ സേവ (ബ്ലാക്ക് മാസ്സ് ), ഇതര മതവിശ്വാസങ്ങളെ പിന്തുടരൽ, അന്യമതസ്ഥരുമായുള്ള വിവാഹബന്ധം, വിവാഹേതര ലൈംഗീക ബന്ധം, ലഹരി വസ്തുക്കളുടെ ഉപയോഗം, സഭയ്ക്ക് എതിരായ രാഷ്ട്രീയ-പ്രത്യയശാസ്ത്രങ്ങളെ പിൻതുടരൽ തുടങ്ങിയവ യുവജനങ്ങളെ സഭാ ബന്ധത്തിൽ നിന്ന് പൂർണമായും അകറ്റുന്നതാണ്.

മേല്പറഞ്ഞ വെല്ലുവിളികളും അരക്ഷിതാവസ്ഥകളും യുവജനങ്ങളെ ബാധിക്കുന്നുണ്ട് എങ്കിലും യുവജങ്ങളുടെ മേലുള്ള പ്രത്യാശ ഏറ്റവും തിളക്കമാർന്നതാണ്. കാരണം സഭയുടെ തുടിക്കുന്ന ഹൃദയവും ജ്വാലിക്കുന്ന ആത്മാവും യുവത്വം തന്നെയാണ്. യേശു ക്രിസ്തുവിനെ അടിസ്ഥാനമാക്കി എം.സി. വൈ.എം.- ന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ മാതൃകയാക്കി മുൻതലമുറയുടെ അനുഭവസമ്പന്നത സ്വീകരിച്ചുകൊണ്ട് നവസുവിശേഷവത്കരണത്തിനായി നാം ഏവർക്കും മുന്നിട്ടിറങ്ങാം.

www.malankaralibrary.com



## സഭാതലസമിതി

### ഹെസദ് 2023







ഒക്ടോബർ 7, 8 തീയതികളിൽ മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കറ്റാനത്ത് വച്ച് നടക്കുന്ന മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ സഭാതല യുവജന ദിനാഘോഷം ഹെസദ് 2023 ന് തുടക്കം കുറിച്ചുകൊണ്ട് സമ്മേളന വേദിയായ കറ്റാനം സെന്റ്. സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയങ്കണത്തിൽ മാവേലിക്കര ഭദ്രാസന സിസ്റ്റർ ആനിമേറ്റർ നിസ്സീമ SIC എം.സി.വൈ.എം. പതാക ഉയർത്തി.

### സഭാതല യുവജന ദിനാഘോഷം: സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം

2023 ഒക്ടോബർ 7,8 തീയതികളിൽ മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കറ്റാനത്ത് വച്ച് നടത്തപ്പെടുന്ന മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ സഭാതല യുവജന ദിനാഘോഷം ഹെസദ് 2023 ന്റെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. കറ്റാനം ഇടവക വികാരി റവ. ഫാ. ഡാനിയേൽ തെക്കേടത്ത് ഉദ്ഘാടന കർമ്മം നിർവഹിച്ചു.








മാവേലിക്കര ഭദ്രാസന ഡയറക്ടർ ഫാ. വർഗ്ഗീസ് മുകുളുംപുറത്ത്, അസി. ഡയറക്ടർ ഫാ. ജോൺ അയണുവേലിൽ, കറ്റാനം വൈദിക ജില്ല ഡയറക്ടർ ഫാ. മാത്യു വലിയപറമ്പിൽ, ഫാ. ജോൺ പുത്തൻപുരയിൽ, ഭദ്രാസന സിസ്റ്റർ ആനിമേറ്റർ സി. നിസ്സീമ SIC, സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, സഭാതല സെക്രട്ടറി മെറിൻ മാമച്ചൻ, ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി, ജനറൽ സെക്രട്ടറി രഞ്ജു രാജു, ഭദ്രാസന ഭാരവാഹികൾ, ജില്ലാ ഭാരവാഹികൾ, യുവജനങ്ങൾ, കറ്റാനം ഇടവകാഗങ്ങൾ എന്നിവർ പങ്കെടുത്തു.



www.malankaralibrary.com



## മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് 32 ാ-മത് അന്തർദേശീയ യുവജന കൺവൻഷന് തിരി തെളിഞ്ഞു.





മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി. വൈ.എം) ന്റെ 32-ാമത് അന്തർദേശീയ യുവജന കൺവെൻഷൻ 93-ാ മത് പുനരൈക്യ ആഘോഷങ്ങളോട് ചേർന്ന് മൂവാറ്റുപുഴ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. അന്തർദേശീയ യുവജന കൺവെൻഷൻ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ച യോഗത്തിൽ മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. മാത്യു കുഴൽ നാടൻ മുഖ്യാതിഥിയായി പങ്കെടുക്കുകയും യുവജനങ്ങളോട് സംസാരിക്കുകയും ചെയ്തു.

### യുവജന സഭയുടെ സ്നേഹസമ്മാനം

കഴിഞ്ഞ ഒരു വർഷക്കാലം (2022 ഫെബ്രുവരി -2023 മാർച്ച്) സഭാതല ഡയറക്ടറായി സേവനമനുഷ്



ഠിക്കുകയും യുവജന സഭയെ സ്നേഹിക്കുകയും കരുതുകയും വളർത്തുകയും ചെയ്ത പ്രിയപ്പെട്ട ഫാ. എബ്രഹാം മേപ്പുറത്തിന് (ജിൻസ് അച്ചന്) യുവജന സഭയുടെ സ്നേഹസമ്മാനം 32-ാ മത് അന്തർദേശീയ യുവജന കൺവെൻഷൻ വേദിയിൽ വച്ച് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കതോലിക്ക ബാവ തിരുമനസ് നൽകി.



## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### തൂലിക 2023




എം.സി.വൈ.എം തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ സർഗാത്മക കഴിവുകൾ വളർത്തുന്നതിനും, സാഹിത്യ സൃഷ്ടികൾ ക്രിസ്തീയ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നതിനുമായി 2023 ഓഗസ്റ്റ് 12 ശനിയാഴ്ച തിരുവനന്തപുരം മേജർ അതിഭദ്രാസന

www.malankaralibrary.com

# വാർത്തകൾ



ത്തിലെ 9 വൈദിക ജില്ലാ കേന്ദ്രങ്ങളിൽ വച്ച് മേജർ അതിഭദ്രാസന സമിതി അംഗങ്ങളുടെ മേൽനോട്ടത്തിൽ തൂലിക മത്സരം നടത്തപ്പെട്ടു.

## MISSIO മിഷൻ മേഖല സന്ദർശനം



എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷൻ പ്രദേശമായ ഒഡീഷ മേഖലയിലെ ഛത്തീസ്ഗഡിലെ ബിലാസ്പൂർ മിഷൻ പ്രദേശങ്ങൾ 2023 ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 4 വരെ സന്ദർശിച്ചു മിഷൻ പ്രദേശങ്ങളായ പാംഗഡ്, കൂത്തൂർ, സിംഗിൾ ദ്വീപ്, മോത്തിപുർ, ചാച്ചി വില്ലേജിലെ ഭവനങ്ങൾ എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ബഹു. ജോസഫ് തോട്ടത്തിൽ കടയിൽ അച്ചൻ, അസിസ്റ്റന്റ് ഡയറക്ടർ അലോഷ്യസ് തെക്കേടത്ത് അച്ചൻ, മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ, ജനറൽ സെക്രട്ടറി ബിനോ റ്റി ഗിൽബർട്ട്, മേജർ അതിഭദ്രാസന സമിതി അംഗമായ ആൻസി ജോൺ, അഞ്ചൽ, കഴക്കൂട്ടം വൈദിക ജില്ലയിലെ ആനിമേറ്റർ സിസ്റ്റേഴ്സ്, കഴക്കൂട്ടം, നെടുമങ്ങാട് വൈദിക ജില്ലയിലെ യുവജന സുഹൃത്തുക്കൾ എന്നിവർ ചേർന്ന്, സന്ദർശിക്കുകയും അവരോട് സംവദിക്കുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. തുടർന്ന് മിഷൻ കേന്ദ്രങ്ങളിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പരിശുദ്ധ കുർബാനയുടെ ആരാധന നടത്തുകയും പാട്ടുകളും ആക്ഷൻ സോങ്ങുകളും അവരെ പഠിപ്പിക്കുകയും മിഷൻ മേഖലയിൽ അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ദൈവാലയത്തിലേക്ക് ആവശ്യമായ കാസാ, പീലാസാ വൈദികർക്ക് ഉപയോഗിക്കാനുള്ള കാപ്പ, വൈദിക ജില്ലകളിൽ നിന്നും ശേഖരിച്ച് വസ്ത്രങ്ങൾ നിത്യോപയോഗ സാധനങ്ങൾ പഠനസാമഗ്രികൾ തുടങ്ങിയവ ഭവനങ്ങളിൽ നേരിട്ടും മിഷൻ ഇൻ ചാർജ് ആയ ബഹു. നിജോ അച്ചനും കൈമാറി. ബിലാസ്പുരിൽ നിർമ്മിക്കാൻ ഇരിക്കുന്ന പുതിയ ദൈവാലയത്തിനായി എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പേരിൽ 70,000/ രൂപ നൽകുകയും ചെയ്തു.

## വുൾഗാത്ത ക്വിസ് 2K23




എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ വുൾഗാത്ത ക്വിസ് മത്സരം സെപ്റ്റംബർ-6 ബുധനാഴ്ച രാവിലെ 9 മണി മുതൽ കിളിമാനൂർ വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ പിരപ്പൻകോട് വച്ച്

www.malankaralibrary.com



നടത്തപ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു. ശ്രീ. ലൈജു കോശി ക്വിസ് മാസ്റ്ററായ മത്സരത്തിൽ...

ഒന്നാം സ്ഥാനം-പുനലൂർ വൈദിക ജില്ലയിലെ ചെറുകടവ് യൂണിറ്റും രണ്ടാം സ്ഥാനം-അഞ്ചൽ വൈദിക ജില്ലയിലെ അഞ്ചൽ യൂണിറ്റും മൂന്നാം സ്ഥാനം-അടൂർ വൈദിക ജില്ലയിലെ അടൂർ യൂണിറ്റും കരസ്ഥമാക്കി.

## പത്തനംതിട്ട ഭദ്രാസനം

### ഓണാഘോഷം







എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഓണത്തിനോട് അനുബന്ധിച്ച് ളാക്കൂർ കാരുണ്യ ഭവൻ സന്ദർശിക്കുകയും അവിടത്തെ അന്തേവാസികളോടൊപ്പം ഓണം ആഘോഷിക്കുകയും ചെയ്തു. ഓണാഘോഷത്തിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായവും യുവജന സഭ നൽകി. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ ഫാ. സ്കറിയ പതാലിൽ, സിസ്റ്റർ ആനിമേറ്റർ ജോവാൻ എസ്.ഐ.സി., ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, ഭദ്രാസന ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.




### പുനരൈക്യ വാർഷിക ആഘോഷവും അന്തർദേശീയ യുവജന കൺവെൻഷനും

മുവാറ്റുപ്പുഴയിൽ വച്ച് നടത്തപ്പെട്ട 93-ാമത് പുനരൈക്യ വാർഷിക ആഘോഷങ്ങളിലും 32-ാ മത് അന്തർദേശിയ യുവജന കൺവെൻഷനിലും എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിൽ നിന്ന് പ്രധിനിധികൾ പങ്കെടുത്തു.

### യൂണിറ്റ് സന്ദർശനം



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സീതത്തോട് വൈദിക ജില്ല

www.malankaralibrary.com



യോട് ചേർന്ന് സീതത്തോട് യൂണിറ്റ് സന്ദർശിച്ച് പ്രവ ർത്തനങ്ങൾ വിലയിരുത്തി. പ്രസ്തുത യൂണിറ്റ് സന്ദ ർശന വേളയിൽ യൂണിറ്റ് ആതിഥേയത്വം അരുളുന്ന ഭദ്രാസന യുവജന സംഗമത്തിന്റെ ക്രമീകരണങ്ങളും ചർച്ച ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ്, വൈദിക ജില്ലാ പ്രസിഡന്റ് നിബിൻ പി. സാമുവേൽ എന്നിവർ യൂണിറ്റ് സന്ദർശനത്തിന് നേതൃത്വം നൽകി.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻ മിഷൻ ക്വിസും & ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്കോപ്പാ അനുസ്മരണവും

പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ വന്ദ്യ ഫിലിപ്പ് ഉഴുനല്ലൂർ കോറെപ്പിസ്കോപ്പയുടെ അനുസ്മരണാർത്ഥം സംഘടിപ്പിക്കുന്ന അസ്സീസിയൻ മിഷൻ ക്വിസിന്റെ പ്രാഥമിക റൗണ്ട് 2023 സെപ്റ്റംബർ 10 ന് നടന്നു. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാവുന്ന രീതിയിലാണ് ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്. 5 വൈദിക ജില്ല കേന്ദ്രങ്ങളിൽ വച്ച് നടന്ന പ്രാഥമിക റൗണ്ടിൽ 3 പേർ ഉൾപ്പെടുന്ന നൂറോളം ടീമുകൾ പങ്കെടുത്തു. അതിൽ 25 ടീമുകൾ രണ്ടാം റൗണ്ടിന് യോഗ്യത നേടി. മിഷൻ ക്വിസ്സിന്റെ ഫൈനൽ മത്സരങ്ങൾ 2023 ഒക്ടോബർ 28 ഞായറാഴ്ച ഉച്ചയ്ക്കുശേഷം നെല്ലിക്കാട് മദർ തെരേസ ആർട്സ് ആൻഡ് സയൻസ് കോളേജിൽ വച്ച് നടക്കുന്നതാണ്. അതിനോടനുബന്ധിച്ച് വന്ദ്യ ഉഴുന്നല്ലൂർ കോർപ്പിസ് കോപ്പാ അനുസ്മരണ സമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, അസിസ്റ്റൻറ് ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, ആനിമേറ്റർ സിസ്റ്റർ സീനാ ജോൺ ഡി.എം., ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ, ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവേൽ എന്നിവയുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതിയാണ് മിഷൻ ക്വിസിന് നേതൃത്വം നൽകുന്നത്.

